**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2556** **21-01-2021 - ൽ മറുപടിയ്ക്ക്**

**കേരളാ ബാങ്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആർ. രാമചന്ദ്രൻ | | **Shri. Kadakampally Surendran**<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | മുൻ കാലങ്ങളിൽ സഹകരണ ബാങ്കുകളിൽ നിന്ന് ലഭിച്ചിരുന്ന റിസ്ക് ഫണ്ട് ആനുകൂല്യങ്ങൾ കേരള ബാങ്കിലെ ഇടപാട്ടുകാർക്കും അനുവദിക്കുമോ; വിശദീകരിക്കാമോ; | (എ) | കേരള സംസ്ഥാന സഹകരണ ബാങ്കും 14 ജില്ലാ സഹകരണ ബാങ്കും കേരള സഹകരണ ക്ഷേമനിധി ബോഡിൽ അംഗത്വം എടുത്ത് വായ്പാക്കാരിൽ നിന്നും റിസ്ക് ഫണ്ട് വിഹിതം പിടിച്ച് ബോഡിലേയ്ക്ക് അടച്ചു വരുന്നുണ്ട്. അപ്രകാരം ടി ബാങ്കുകളിലെ വായ്പാക്കാർക്ക് ബോഡിന്റെ നിയമാവലി നിബന്ധനകൾക്ക് വിധേയമായി ചികിത്സാ സഹായവും മരണാനന്തര സഹായവും അനുവദിച്ചു വരികയും ചെയ്യുന്നുണ്ട്. കേരള സംസ്ഥാന സഹകരണ ബാങ്കും 13 ജില്ലാ സഹകരണ ബാങ്കുകളും ലയിച്ചാണ് ഇപ്പോൾ കേരള ബാങ്ക് രൂപീകരിച്ചിട്ടുള്ളത്. മേൽ സാഹചര്യത്തിൽ ടി സ്ഥാപനത്തിലെ വായ്പാകാർക്ക് തുടർന്നും റിസ്ക് ഫണ്ട് വിഹിതം പിടിച്ച് ബോഡിലേയ്ക്ക് അടയ്ക്കുന്നതിനും ചികിത്സാ സഹായവും മരണാനന്തര സഹായവും ബോഡിൽ നിന്നും അനുവദിക്കുന്നതിനും തടസ്സങ്ങൾ ഒന്നും തന്നെയില്ല. കേരള സഹകരണ വികസന ക്ഷേമനിധി ബോഡിൽ അംഗമായിട്ടുള്ള കേരള ബാങ്കിലെ ഇടപാട്ടുകാർക്ക് റിസ്ക് ഫണ്ട് ആനുകൂല്യ ങ്ങൾ ലഭിക്കാൻ അർഹതയുണ്ടായിരിക്കും. |
| (ബി) | കേരളാ ബാങ്ക് ഇടപാട്ടുകാർക്ക് എ.ടി.എം. സൗകര്യങ്ങളും ഇൻഷ്വറൻസ് പരിരക്ഷയും നൽകുമോ; വിശദമാക്കുമോ? | (ബി) | നിലവിൽ ഇടപാട്ടുകാർക്ക് നൽകി വരുന്ന എ.ടി.എം സൗകര്യങ്ങൾക്കും പുറമേ വിപുലമായ എ.ടി.എം ശൃംഖല സംസ്ഥാനത്തുടനീളം നൽകുന്നതിനുള്ള പദ്ധതികളാണ് കേരള ബാങ്ക് വിഭാവനം ചെയ്യുന്നത്. നിലവിൽ NPCI (National payment Corporation of India) പ്രദാനം ചെയ്യുന്ന ഇൻഷ്വറൻസ് പരിരക്ഷ കേരള ബാങ്ക് ഇടപാട്ടുകാർക്ക് ലഭ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ